2023
DECEMBER
06
WEDNESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## രേവന്ത് റെഡ്ഡി തെലങ്കാന മുഖ്യമന്ത്രി



**ന്യൂഡൽഹി:** തെലങ്കാനയിലെ ആദ്യ കോൺഗ്രസ് സർക്കാരിനെ പിസിസി അധ്യക്ഷൻ എ. രേവന്ത് റെഡ്ഡി നയിക്കും. എഐസിസി ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാലാണ് ഇക്കാര്യം പ്രഖ്യാപിച്ചത്. നാളെ ഹൈദരാബാദിൽ സത്യപ്രതിജ്ഞ.

തെലങ്കാനയിൽ നിന്നുള്ള എഐസിസി നിരീക്ഷകരോടും മുതിർന്ന നേതാക്കളോടും ചർച്ച നടത്തിയ കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ, റെഡ്ഡിയെ നിയമസഭാ കക്ഷി നേതാവാക്കി മുന്നോട്ടുപോകാൻ തീരുമാനിച്ചതായി വേണുഗോപാൽ. എന്നാൽ, മന്ത്രിസഭാംഗങ്ങളുടെ എണ്ണം, ഉപമുഖ്യമന്ത്രിമാരുണ്ടാകുമോ തുടങ്ങിയ വിഷയങ്ങളിൽ അദ്ദേഹം പ്രതികരിച്ചില്ല. നേരത്തേ, മുൻ പിസിസി അധ്യക്ഷൻ ഉത്തംറെഡ്ഡി, മുൻ നിയമസഭാ കക്ഷി നേതാവ് മല്ലുഭട്ടി വിക്രമാർക്ക എന്നിവരെയും പരിഗണിക്കുന്നതായി റിപ്പോർട്ടുകളുണ്ടായിരുന്നു.

10 വർഷം സംസ്ഥാനം ഭരിച്ച ബിആർഎസിനെ കടപുഴക്കിയ തെരഞ്ഞെടുപ്പിൽ കോൺഗ്രസിനെ നയിച്ചത് അമ്പത്തിനാലുകാരൻ രേവന്ത് റെഡ്ഡിയാണ്. 119 അംഗ നിയമസഭയിൽ 64 സീറ്റുകളാണു കോൺഗ്രസിന്. നിയമസഭാ കക്ഷി നേതാവിനെ തീരുമാനിക്കാൻ എംഎൽഎമാരുടെ യോഗം കോൺഗ്രസ് അധ്യക്ഷനെ ചുമതലപ്പെടുത്തിയിരുന്നു. ഇതിൻറെ തുടർച്ചയായാണ് ഖാർഗെയുടെ തീരുമാനം. ആർഎസ്എസിൻറെ വിദ്യാർഥി പ്രസ്ഥാനമായ എബിവിപിയിലൂടെ പൊതുരംഗത്തെത്തിയ രേവന്ത് റെഡ്ഡി 2009ൽ അവിഭക്ത ആന്ധ്രപ്രദേശിൽ തെലുഗുദേശം പാർട്ടി അംഗമായി നിയമസഭയിലെത്തി. 2017ലാണ് കോൺഗ്രസിൽ ചേർന്നത്. 2021ൽ പിസിസി അധ്യക്ഷനായി. നിലവിൽ മൽക്കജ്ഗിരിയിൽ നിന്നുള്ള ലോക്സഭാംഗമാണ്. ഭാര്യ ഗീത മുൻ കേന്ദ്ര മന്ത്രി എസ്. ജയ്പാൽ റെഡ്ഡിയുടെ അനന്തരവളാണ്.

# വീണ്ടും ഉയരങ്ങൾ കീഴടക്കി ഓഹരി വിപണി

**കൊച്ചി:** വിദേശ ഫണ്ടുകളുടെയും ആഭ്യന്തര നിക്ഷേപകരുടെയും മികച്ച വാങ്ങൽ താത്പര്യത്തിൽ ഇന്ത്യൻ ഓഹരി വിപണി പുതിയ ഉയരങ്ങൾ കീഴടക്കി കുതിപ്പ് തുടരുന്നു. ഇന്നലെ ബാങ്കിങ്, ഇന്ധന മേഖലകളിലുണ്ടായ മുന്നേറ്റമാണ് വിപണിക്ക് കരുത്ത് പകർന്നത്. ആവേശത്തോടെ നിക്ഷേപകർ ഓഹരികൾ വാങ്ങിയതോടെ സെൻസെക്സ് 431.02 പോയിൻറ് ഉയർന്ന് 69.296.14ലെത്തി. ദേശീയ സൂചികയായ നിഫ്റ്റി 168.50 പോയിൻറ് ഉയർന്ന് 20,855.30ൽ വ്യാപാരം പൂർത്തിയാക്കി.



തുടർച്ചയായ ആറാം ദിവസമാണ് ഇന്ത്യൻ ഓഹരികൾ മുന്നേറ്റം തുടരുന്നത്. എക്സ്ചേഞ്ചിൽ ലിസ്റ്റ് ചെയ്ത കമ്പനികളിൽ നിക്ഷേപിച്ചവരുടെ ആസ്തിയിൽ ഇന്നലെ 2.8 ലക്ഷം കോടി രൂപയുടെ വർദ്ധനയുണ്ടായി. ഹിൻഡൻബെർഗ് റിപ്പോർട്ടിൽ വസ്തുതാപരമായ പ്രശ്നങ്ങളുണ്ടെന്ന അമേരിക്കൻ ധനകാര്യ ഏജൻസിയുടെ റിപ്പോർട്ടിനെത്തുടർന്ന് അദാനി ഗ്രൂപ്പ് കമ്പനികളുടെ ഓഹരി വിലയിൽ ഇന്നലെ മികച്ച മുന്നേറ്റമുണ്ടായി.

വിദേശ നിക്ഷേപ സ്ഥാപനങ്ങളിൽ നിന്നുള്ള വൻ പണമൊഴുക്കാണ് വിപണിക്ക് കരുത്ത് പകർന്നത്. ഡിസംബറിൽ ഇതുവരെ വിദേശ ഫണ്ടുകൾ 16,000 കോടി രൂപയുടെ നിക്ഷേപമാണ് ഇന്ത്യൻ ഓഹരി വിപണിയിൽ നടത്തിയത്. അമേരിക്കയും യൂറോപ്പും അടക്കമുള്ള പ്രമുഖ സാമ്പത്തിക മേഖലകളെല്ലാം കടുത്ത മാന്ദ്യത്തിലേക്ക് നീങ്ങുമ്പോഴാണ് ഇന്ത്യൻ ഓഹരികൾ അസാധാരണമായ മുന്നേറ്റം കാഴ്ചവെക്കുന്നത്. ഉത്പാദന മേഖലയിലെ വെല്ലുവിളികളും ഉയർന്ന പലിശ നിരക്കും വിലക്കയറ്റ ഭീഷണിയും മറികടന്ന് ഇന്ത്യൻ കമ്പനികൾ മികച്ച പ്രകടനം തുടരുന്നതിനാലാണ് വിദേശ നിക്ഷേപ സ്ഥാപനങ്ങൾ വൻതോതിൽ ഇന്ത്യയിലേക്ക് പണമൊഴുക്കുന്നതെന്ന് അനലിസ്റ്റുകൾ പറയുന്നു.

ലോകത്തിലെ പ്രമുഖ നാണയങ്ങൾക്കെതിരെ ഡോളർ ഏറെ കരുത്താർജിച്ചതോടെ കഴിഞ്ഞ വർഷം വിദേശ ഹെഡ്ജ് ഫണ്ടുകളും നിക്ഷേപ സ്ഥാപനങ്ങളും ഇന്ത്യയിൽ നിന്നും വലിയ തോതിൽ പണം പിൻവലിച്ചിരുന്നു. എന്നാൽ ഈ വർഷം ജനുവരിക്ക് ശേഷം ഈ ട്രെൻഡിൽ മാറ്റമുണ്ടായി. നടപ്പുവർഷം ഇതുവരെ വിദേശ ധനകാര്യ സ്ഥാപനങ്ങൾഒരു ലക്ഷം കോടി രൂപയിലധികമാണ് ഇന്ത്യൻ ഓഹരി വിപണിയിൽ നിക്ഷേപിച്ചത്. കഴിഞ്ഞ 15 മാസത്തിനിടയിലെ ഏറ്റവും ഉയർന്ന വിദേശ നിക്ഷേപമാണിത്.

## ശമ്പളം നൽകാൻ വീട് പണയം വച്ച് ബൈജൂസ് സ്ഥാപകൻ



**ന്യൂഡൽഹി:** ജീവനക്കാർക്ക് ശമ്പളം കൊടുക്കാനുള്ള തുക കണ്ടെത്താൻ ബൈജൂസ് സ്ഥാപകൻ വീട് പണയം വച്ചതായി റിപ്പോർട്ട്. ബൈജു രവീന്ദ്രന്റെ കുടുംബത്തിന്റെ ഉടമസ്ഥതയിലുള്ള ബെംഗളൂരുവിലെ രണ്ടു വീടുകളും നിർമാണത്തിലിരിക്കുന്ന വില്ലയും ഈടു വച്ച് 1.2 കോടി ഡോളർ വായ്പയെടുത്തുവെന്ന് ബ്ലൂംബർഗ് ആണ് റിപ്പോർട്ട് ചെയ്തത്.

ബൈജൂസ്, തിങ്ക് ആൻഡ് ലേൺ പ്രൈവറ്റ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളിലെ 15000 ജീവനക്കാർക്ക് ശമ്പളം നൽകാനാണിത്. സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ബൈജൂസ്, വിദേശനാണ്യ വിനിമയ ചട്ട ലംഘനത്തിന്റെ പേരിൽ നടപടികളും നേരിടുന്നുണ്ട്.

## ഐഫോൺ ബാറ്ററി നിർമാതാവ് ടിഡികെ ഇന്ത്യയിലേക്ക്



**ന്യൂഡൽഹി:** ജപ്പാൻ കമ്പനിയായ ടിഡികെ കോർപറേഷന്റെ ബാറ്ററി പ്ലാന്റ് വരുന്നത് ഹരിയാനയിൽ ആണെന്ന് കേന്ദ്ര ഐടി സഹമന്ത്രി രാജീവ് ചന്ദ്രശേഖർ. 6000, 7000 കോടി രൂപയുടെ നിക്ഷേപമാണ് പ്രതീക്ഷിക്കുന്നത്. ഫാക്ടറി പൂർണതോതിൽ പ്രവർത്തനം തുടങ്ങുന്നതോടെ 7000, 8000 പേർക്ക് ജോലി ലഭിക്കുമെന്നും കരുതുന്നു. ഹരിയാനയിലെ മനേസറിൽ 180 ഏക്കർ സ്ഥലത്താണ് ഫാക്ടറി. ടിഡികെയുടെ പ്ലാന്റ് പരിസ്ഥിതി അനുമതിയുടെ ഘട്ടത്തിലാണ്.

ഐഫോണുകൾക്കു വേണ്ടി ലിഥിയം അയോൺ ബാറ്ററികൾ നിർമിക്കുന്ന കമ്പനിയാണ് ടിഡികെ. ഇന്ത്യയിൽ നിർമിക്കുന്ന ഐഫോണുകൾക്കായാകും ബാറ്ററികൾ നിർമിക്കുക. ആപ്പിളിനായി ബാറ്ററി അസംബ്ൾ ചെയ്യുന്ന സൺവോഡ ഇലക്ട്രോണിക്സിനാണ് ടിഡികെ ബാറ്ററി നൽകുന്നത്. നിലവിൽ സൺവോഡ സെല്ലുകൾ വിദേശത്തു നിന്ന് ഇറക്കുമതി ചെയ്യുകയാണ്. ചൈനീസ് ബാറ്ററി കമ്പനിയായ അംപെരെക്സ് ടെക്നോളജി ലിമിറ്റഡിനെ(എടിഎ!ൽ) 2005ൽ ഏറ്റെടുത്തതോടെയാണ് ഈ രംഗത്ത് ടിഡികെ കുതിപ്പ് തുടങ്ങിയത്. എടിഎലിന്റെ സബ്സിഡിയറി കമ്പനിയായ നവിതാസിസ് ഹരിയാനയിലെ ബാവലിൽ റീച്ചാർജബ്ൾ ബാറ്ററികൾ ഉൽപാദിപ്പിക്കുന്നുണ്ട്.





# ട്രീ ലൈറ്റിംഗ് ചടങ്ങുമായി കൊച്ചി ക്രൗൺ പ്ലാസ ഹോട്ടൽ

**കൊച്ചി:** കുട്ടികളുടെ സുരക്ഷക്ക് പ്രാധാന്യം നൽകിക്കൊണ്ട് കൊച്ചി ക്രൗൺ പ്ലാസ ഹോട്ടലിൽ ഈ വർഷത്തെ ട്രീ ലൈറ്റിംഗ് സെറിമണി സംഘടിപ്പിച്ചു.

ക്രിസ്മസ് ആഘോഷങ്ങൾക്ക് തുടക്കമിട്ട് നടന്ന പരിപാടിയിൽ സിനിമാതാരം അന്ന ബെൻ, കൊച്ചി ക്രസന്റ് ഗേൾസ് ഓർഫനേജിലെ കുട്ടികൾ തുടങ്ങിയവർ പങ്കെടുത്തു. നമ്മുടെ കുട്ടികളെ ക്ഷേമത്തിനായി കൈകോർക്കാം എന്ന ലക്ഷ്യത്തോടെ നടത്തിയ ചടങ്ങിൽ കുട്ടികളുടെയും യുവജനങ്ങളുടെയും സുരക്ഷക്ക് പ്രാധാന്യം നൽകുന്നതിന്റെ പ്രതീകാത്മകമായിട്ടായിരുന്നു ക്രിസ്മസ് ട്രീക്ക് തിരിതെളിയിച്ചത്.

കുട്ടികൾ നേരിടുന്ന ഏത് പ്രതിസന്ധി ഘട്ടങ്ങളും അവർക്ക് വേണ്ട സഹായങ്ങൾ ചെയ്യാനും, അവരുടെ ക്ഷേമത്തിന് വേണ്ട പ്രവർത്തനങ്ങൾക്ക് പ്രാധാന്യം കൊടുക്കാനും ജനങ്ങളെ ബോധവൽക്കരിക്കേണ്ടതിന്റെ ആവശ്യകത വിളിച്ചോതുന്നതായിരുന്നു ട്രീ ലൈറ്റിംഗ് സെറിമണി.ടോക് എച്ച് സ്കൂളിലെ വിദ്യാർത്ഥികൾ അവതരിപ്പിച്ച ക്രിസ്മസ് കൊയറോടെയായിരുന്നു ആഘോഷ പരിപാടികൾ ആരംഭിച്ചത്. കരോൾ ഗാനങ്ങളുടെ അകമ്പടിയോടെ നടന്ന ചടങ്ങിൽ കുട്ടികളും മുതിർന്നവരും ചേർന്ന് പൈൻകോണുകൾ, റീത്തുകൾ, പല നിറത്തിലുള്ള പന്തുകൾ, തോരണങ്ങൾ, ലൈറ്റുകൾ, ജിഞ്ചർബ്രെഡ് ഹൗസുകൾ തുടങ്ങിയവ ഉപയോഗിച്ച് അതി മനോഹരമായിട്ടായിരുന്നു ക്രിസ്മസ് ട്രീ അലങ്കരിച്ചത്. ക്രിസ്മസ് കാലത്തിന്റെ വരവറിയിച്ച് സാന്താക്ലോസ് കൂടി പ്രത്യക്ഷപ്പെട്ടത് ചടങ്ങിന് കൂടുതൽ മിഴിവേകി.ക്രസന്റ് ഗേൾസ് ഓർഫനേജിലെ കുട്ടികളുടെ സാന്നിധ്യമായിരുന്നു ചടങ്ങിലെ മുഖ്യ ആകർഷണം.

കുട്ടികളുടേയും മുതിർന്നവരുടേയും ഉൾപ്പെടെ വിവിധ തരം വിനോദ പരിപാടികളും സംഘടിപ്പിച്ചിരുന്നു.സാമൂഹിക പ്രതിബദ്ധതയുള്ള ഹോസ്പിറ്റാലിറ്റി ബ്രാൻഡ് എന്ന നിലയിൽ കുട്ടികളുടെ സുരക്ഷക്ക് വലിയ പ്രാധാന്യം നൽകി കൊണ്ടുള്ള വലിയൊരു ചുവടുവെപ്പാണ് ഈ പരിപാടിയെന്ന് ക്രൗൺ പ്ലാസ ജനറൽ മാനേജർ ദിനേശ് റായ് പറഞ്ഞു. കുട്ടികൾക്ക് വേണ്ടി സുരക്ഷിതമായ അന്തരീക്ഷം ഒരുക്കുന്നതിനുള്ള സന്ദേശമാണ് ട്രീ ലൈറ്റിംഗിലൂടെ നൽകുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു

# മൈ ഫെയർ ലേഡി 10ന് എറണാകുളം ഫൈൻ ആർട്സ് സൊസൈറ്റി ഹാളിൽ

**കൊച്ചി:** തിരുവാണിയൂർ ഗ്ലോബൽ പബ്ലിക് സ്കൂൾ സ്റ്റേജ് ക്രൂ അരങ്ങിലെത്തിക്കുന്ന മെഗാ സംഗീത നാടകാവിഷ്കാരം മൈ ഫെയർ ലേഡി കേരള ഫൈൻ ആർട്സ് സൊസൈറ്റി ഹാളിൽ ഡിസംബർ 10ന് അവതരിപ്പിക്കും. ക്ളാസിക് ആയി വിലയിരുത്തപ്പെടുന്ന മൈ ഫെയർ ലേഡിയുടെ അവതരണം ഡിസംബർ 10 ഞായറാഴ്ച വൈകീട്ട് 5 മണിക്കാണ്. ഗ്ലോബൽ പബ്ലിക് സ്കൂളിലെ 350 വിദ്യാർത്ഥികൾ ഇതിൽ ഭാഗഭാക്കാകും.പാസ് മൂലമാണ് പ്രേവശനം. പാസ്സുകൾക്കായി 8606986843, 9946821524 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.ജോർജ് ബെർണാർഡ്ഷാ 1913ൽ രചിച്ച പ്രശസ്ത നാടകം പിഗ്മാലിയൻ ആസ്പദമാക്കി അലൻ ജെയ് ലെർനറും ഫ്രെഡറിക് ലോവെയും ചേർന്ന് അരനൂറ്റാണ്ടിലേറെ മുമ്പ് ഒരുക്കിയ മ്യൂസിക്കൽ കോമഡി ഡ്രാമ ആവിഷ്കാരമാണ് മൈ ഫെയർ ലേഡി.

# നിത എം. അംബാനിസ്പോർട്സ് ലീഡർ ഓഫ് ദി ഇയർ ഫീമെയിൽ



**കൊച്ചി:**റിലയൻസ് ഫൗണ്ടേഷന്റെ സ്ഥാപകയും ചെയർപേഴ്സണുമായ നിത എം. അംബാനി, സ്പോർട്സ് ലീഡർ ഓഫ് ദി ഇയർ ഫീമെയിൽ അവാർഡിന് അർഹയായി. ന്യൂഡൽഹിയിൽ നടന്ന സി ഐ ഐ സ്കോർകാർഡ് 2023 യിലാണ് ഇന്ത്യയുടെ കായിക മേഖലയെ നയിക്കുന്നതിൽ മാതൃകാപരമായ നേതൃത്വത്തിന് അവാർഡ് നൽകി ആദരിച്ചത്. കൂടാതെ, സ്പോർട്സ് പ്രൊമോട്ട് ചെയ്യുന്ന മികച്ച കോർപറേറ്റിനുള്ള അവാർഡ് റിലയൻസ് ഫൗണ്ടേഷന് ലഭിച്ചു.ഈ വർഷത്തെ സ്പോർട്സ് ലീഡർ , സ്പോർട്സ് പ്രോത്സാഹിപ്പിക്കുന്ന ഇന്ത്യയിലെ മികച്ച കോർപ്പറേറ്റ് എന്നിവയ്ക്കുള്ള സി ഐ ഐ സ്പോർട്സ് ബിസിനസ് അവാർഡുകൾ സ്വീകരിക്കുന്നതിൽ അഭിമാനിക്കുന്നുവെന്ന് നിത അംബാനി പറഞ്ഞു.2023 യഥാർത്ഥത്തിൽ ഇന്ത്യയുടെ കായിക മികവിന്റെ വർഷമാണ്. നമ്മുടെ കായികതാരങ്ങൾ ഒന്നിലധികം കായിക ഇനങ്ങളിൽ ബഹുമതികൾ നേടി ആഗോള വേദിയിൽ രാജ്യത്തിന് അഭിമാനമായി. 141ാമത് അന്താരാഷ്ട്ര ഒളിമ്പിക്സ് കമ്മിറ്റി സെഷൻ മുംബൈയിൽ സംഘടിപ്പിച്ചുകൊണ്ട് 40 വർഷത്തിനു ശേഷം ഞങ്ങൾ ഒളിമ്പിക്സ് പ്രസ്ഥാനത്തെ ഇന്ത്യയിലേക്ക് തിരികെ കൊണ്ടുവന്നു. റിലയൻസ് ഫൗണ്ടേഷനിൽ, ഇന്ത്യയുടെ യുവജനങ്ങൾക്ക് ലോകോത്തര അവസരങ്ങളും പിന്തുണയും നൽകാനും ഇന്ത്യയെ ആഗോള കായിക ശക്തിയായി മാറ്റാനും ഞങ്ങൾ പ്രതിജ്ഞാബദ്ധരാണെന്നും നിത എം. അംബാനി പറഞ്ഞു.

# എയർ ഇന്ത്യ എക്സ്പ്രസിൻറെ പുതിയ ബോയിംഗ് 7378 വിമാനങ്ങളിൽ വിസ്ത വിഐപി ക്ലാസ്

**കൊച്ചി:** എയർ ഇന്ത്യ എക്സ്പ്രസിൻറെ പുതിയ ബോയിംഗ് 7378 വിമാനങ്ങൾ സർവീസ് നടത്തുന്ന റൂട്ടുകളിൽ വിശാലമായ സീറ്റുകളും കൂടുതൽ ലെഗ്റൂമും ഉൾപ്പെടെയുള്ള അധിക സൗകര്യങ്ങൾ നൽകുന്ന വിസ്ത വിഐപി ക്ലാസ് അവതരിപ്പിച്ചു.അതിഥികളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന നിരവധി സവിശേഷതകളാണ് വിസ്ത വിഐപി ക്ലാസിലുള്ളത്. വിസ്ത വിഐപി ക്ലാസിൽ ബുക്ക് ചെയ്യുന്ന അതിഥികൾക്ക് അധിക ലെഗ് റൂം, വിശാലമായ സീറ്റുകൾ എന്നിവയ്ക്കു പുറമേ അന്താരാഷ്ട്ര വിമാനങ്ങളിൽ 40 കിലോയും ആഭ്യന്തര വിമാനങ്ങളിൽ 25 കിലോയും ബാഗേജ് അലവൻസ്, രുചികരമായ ഗൊർമേർ ഹോട്ട് ഭക്ഷണം, എക്സ്പ്രസ് എഹെഡ് മുൻഗണനാ സേവനങ്ങളുടെ സൗകര്യം എന്നിവയും പാക്കേജിൻറെ ഭാഗമായി ലഭിക്കും.




എയർ ഇന്ത്യ എക്സ്പ്രസിൻറെ മൊബൈൽ ആപ്പിലും വെബ്സൈറ്റിലും മറ്റ് പ്രധാന ബുക്കിംഗ് ചാനലുകളിലും വിസ്റ്റ വിഐപി ക്ലാസ് ഇപ്പോൾ ബുക്കിംഗിനായി ലഭ്യമാണ്. കൂടാതെ, മറ്റ് ക്ലാസുകളിൽ ബുക്ക് ചെയ്യുന്ന അതിഥികൾക്ക് കോൾ സെൻറർ വഴിയോ വിമാനത്താവളത്തിൽ നിന്നോ അല്ലെങ്കിൽ അപ്ഗ്രേഡ് ഫീ നൽകി വിമാനത്തിൽ കയറിയതിന് ശേഷമോ വിസ്ത വിഐപി സീറ്റുകളിലേക്ക് മാറുന്നതിനുള്ള സൗകര്യമുണ്ട്.29 ബോയിംഗ് 737, 28 എയർബസ് എ320 എന്നിവയുൾപ്പെടെ 57 വിമാനങ്ങളുള്ള എയർ ഇന്ത്യ എക്സ്പ്രസ് 30 ആഭ്യന്തര, 14 അന്താരാഷ്ട്ര ലക്ഷ്യ സ്ഥാനങ്ങളിലേക്കായി പ്രതിദിനം 300 ലധികം വിമാനസർവീസുകൾ നടത്തുന്നുണ്ട്. എയർ ഇന്ത്യ എക്സ്പ്രസ് അടുത്തിടെ നവീകരിച്ച ബ്രാൻഡ് ഐഡൻറിറ്റി അനാവരണം ചെയ്തിരുന്നു. വൈവിധ്യമാർന്ന ഗൊർമേർ ഭക്ഷണം, സുഖപ്രദമായ ഇരിപ്പിടങ്ങൾ, എയർഫ്ലിക്സ് ഇൻഫ്ലൈറ്റ് എക്സ്പീരിയൻസ് ഹബ്, എക്സ്ക്ലൂസീവ് ലോയൽറ്റി ആനുകൂല്യങ്ങൾ എന്നിവ എയർലൈൻ വാഗ്ദാനം ചെയ്യുന്നു.



# തൃശൂർ ജില്ലയിൽ നടന്നത് 4012 കോടി രൂപയുടെ കുടിവെള്ള പദ്ധതികൾ

**തൃശൂർ:** ജില്ലയിൽ 4012 കോടി രൂപയുടെ കുടിവെള്ള പദ്ധതികളാണ് സർക്കാർ നടപ്പാക്കിയതെന്നു ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ. തേക്കിൻകാട് മൈതാനിയിലെ വിദ്യാർത്ഥി കോർണറിൽ നടന്ന തൃശൂർ നിയോജക മണ്ഡലം നവകേരള സദസ്സിൽ സംസാരിക്കുകയായിരുന്നു മന്ത്രി. എല്ലാ കുടുംബങ്ങളിലും കുടിവെള്ളം എത്തിക്കുന്നതിനുള്ള ജലജീവൻ മിഷൻ പ്രവർത്തനം കാര്യക്ഷമമായി നടക്കുകയാണ്. പദ്ധതി വഴി 36 ലക്ഷം വീടുകളിൽ വെള്ളമെത്തിക്കാൻ കഴിഞ്ഞുവെന്നും മന്ത്രി പറഞ്ഞു.

പ്രതിസന്ധികളെ മറികടന്ന് വികസന നേട്ടങ്ങളുമായി സംസ്ഥാനം മുന്നേറുകയാണ്. വിദ്യാഭ്യാസ മേഖലയിൽ സമാനതകളില്ലാത്ത നേട്ടങ്ങളാണ് കൈവരിക്കുന്നത്. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും അക്കാദമിക് നിലവാരം ഉയർത്താനും കഴിഞ്ഞു. സർവകലാശാലകളും കോളജുകളും മികവിന്റെ കേന്ദ്രങ്ങളായി. വിദേശത്ത് നിന്നുള്ള വിദ്യാർത്ഥികൾ കേരളത്തിൽ വന്ന് പഠിക്കാനുള്ള സാഹചര്യങ്ങൾ ഒരുക്കുകയാണ്. ഡിജിറ്റൽ സർവകലാശാല രാജ്യത്തിന് തന്നെ അഭിമാനമാണെന്നും മന്ത്രി പറഞ്ഞു. ആരോഗ്യ രംഗത്തും പശ്ചാത്തല വികസനത്തിലും കേരളം മാതൃകയാണ്. വ്യവസായരംഗം, ലൈഫ് മിഷൻ, പട്ടയം , കൃഷി, അർഹരായവർക്ക് ക്ഷേമ പെൻഷൻ തുടങ്ങി എല്ലാ രംഗങ്ങളിലും സർക്കാർ വികസന പാതയിലാണ്.

കേരളത്തിന് പുത്തൻ അനുഭവങ്ങൾ സമ്മാനിച്ചാണ് നവകേള സദസ്സ് മുന്നേറുന്നത്. കാസർകോഡ് മഞ്ചേശ്വരത്ത് നിന്ന് ആരംഭിച്ച് തൃശൂരിലെത്തി നിൽക്കുമ്പോൾ നാടിനോട് ചേർന്ന് നിൽക്കുന്ന ജനങ്ങളുടെ വികാരമാണ് നവകേരള സദസ്സിൽ കാണാനാകുന്നതെന്നും മന്ത്രി പറഞ്ഞു.

# ലോക മണ്ണ് ദിനാചരണം: സംസ്ഥാനതല പരിപാടികൾക്ക് തുടക്കം



**തിരുവനന്തപുരം:** ലോക മണ്ണ് ദിനാചരണത്തോടനുബന്ധിച്ച് മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് സംഘടിപ്പിക്കുന്ന പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം ഐ.ബി സതീഷ് എം.എൽ.എ നിർവഹിച്ചു. മണ്ണിനെ അറിഞ്ഞ് അതിന്റെ ജീവനെ ആരോഗ്യത്തോടെ പരിപാലിക്കണമെന്ന് അദ്ദേഹം പറഞ്ഞു. സെൻസറുകൾ ഉപയോഗിച്ച് വിവിധ ഘടകങ്ങളുടെ സാന്നിധ്യം മനസിലാക്കി ഏതുതരം കൃഷിയ്ക്ക് അനുയോജ്യമായ മണ്ണാണെന്ന് കണ്ടെത്തുന്ന ഐ.ഒ.റ്റി ടെക്നോളജി കാട്ടാക്കട മണ്ഡലത്തിൽ ഉടൻ നടപ്പിലാക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

മണ്ണിന്റെ ആരോഗ്യ പരിപാലനം ജനങ്ങളിലേക്ക് എത്തിക്കുന്നതിനാണ് ഐക്യരാഷ്ട്ര സംഘടന എല്ലാവർഷവും ഡിസംബർ അഞ്ച് ലോക മണ്ണ് ദിനമായി ആചരിക്കുന്നത്. മണ്ണും ജലവും ജീവന്റെ ഉറവിടം എന്നതാണ് ഈ വർഷത്തെ ദിനാചരണത്തിന്റെ പ്രമേയം. മണ്ണ് സംരക്ഷണത്തിന്റെ പ്രാധാന്യത്തെ കുറിച്ച് പൊതുസമൂഹത്തെ ബോധവൽക്കരിക്കുക, കാർഷിക മേഖലയുടെ അടിത്തറയായ മണ്ണിന്റെ ആരോഗ്യം മെച്ചപ്പെടുത്തുന്നത് വഴി ആവാസ വ്യവസ്ഥയും മാനവരാശിയുടെ സൗഖ്യവും ഉറപ്പാക്കണമെന്ന സന്ദേശം ജനങ്ങളിലേക്ക് എത്തിക്കുക തുടങ്ങിയവയാണ് ലോക മണ്ണ് ദിനാചരണം കൊണ്ട് ലക്ഷ്യമിടുന്നത്. മണ്ണ് ദിനാചരണത്തിന്റെ ഭാഗമായി സംസ്ഥാനമൊട്ടാകെ വിവിധ പരിപാടികളും ആസൂത്രണം ചെയ്തിട്ടുണ്ട്.

പേയാട്, കൊല്ലംകോണം ലക്ഷ്മി ടവറിൽ നടന്ന പരിപാടിയിൽ ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ വിളപ്പിൽ രാധാകൃഷ്ണൻ അധ്യക്ഷനായിരുന്നു. നേമം ബ്ലോക്ക് പ്രസിഡന്റ് എസ്.കെ പ്രീജ, വെള്ളനാട് ബ്ലോക്ക് പ്രസിഡന്റ് ഇന്ദുലേഖ. എസ്, വിളപ്പിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ലില്ലി മോഹൻ, ത്രിതലപഞ്ചായത്ത് പ്രതിനിധികൾ, മണ്ണ് സംരക്ഷണ വകുപ്പ് ഡയറക്ടർ സാജു.കെ.സുരേന്ദ്രൻ എന്നിവരും സന്നിഹിതരായി.

# കുസാറ്റ് അപകടം: മരണക്കയത്തിൽ നിന്ന് ജീവിതത്തിലേക്ക് തിരിച്ചെത്തി ഷേബയും ഗീതാഞ്ജലിയും



**കൊച്ചി:** കുസാറ്റ് അപകടത്തിൽ ഗുരുതരമായി പരിക്കേറ്റ് ചികിത്സയിലായിരുന്ന വിദ്യാർത്ഥിനികൾ ആശുപത്രി വിട്ടു. കൊച്ചി ആസ്റ്റർ മെഡ്സിറ്റിയിൽ ചികിത്സയിലായിരുന്ന മലപ്പുറം സ്വദേശിനി ഷേബ, ആലപ്പുഴ സ്വദേശി ഗീതാഞ്ജലി വിനോദ് എന്നിവരാണ് ചൊവ്വാഴ്ച ഡിസ്ചാർജായത്. എറണാകുളം ജില്ലാ കലക്ടർ എൻ.എസ്.കെ ഉമേഷിന്റെ സാന്നിധ്യത്തിലായിരുന്നു ഇരുവരും വീട്ടിലേക്ക് മടങ്ങിയത്.മരണത്തോട് പോരാടി ജീവിതത്തിലേക്ക് മടങ്ങിയെത്തിയ ഷേബയേയും ഗീതാഞ്ജലിയേയും പൂച്ചെണ്ടുകൾ നൽകിയായിരുന്നു യാത്രയാക്കിയത്. എത്രയും വേഗം പൂർണ സൗഖ്യം നേടാൻ കഴിയട്ടേ എന്ന് കലക്ടർ ആശംസിച്ചു. ദുരന്തത്തെ അതിജീവിച്ചെത്തിയവർക്ക് വേണ്ട മാനസിക പിന്തുണ നൽകാൻ മാതാപിതാക്കളും അധ്യാപകരും സഹപാഠികളും പ്രത്യേകം ശ്രദ്ധിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇരുവർക്കുമൊപ്പം സമയം ചിലവഴിച്ച ശേഷമായിരുന്നു കലക്ടർ മടങ്ങിയത്.

നവംബർ 25ന് കുസാറ്റിലെ ടെക്ഫെസ്റ്റിനിടെ ഉണ്ടായ തിക്കിലും തിരക്കിലും പെട്ടായിരുന്നു അങ്കമാലി എസ്.സി.എം.എസ് കോളജ് വിദ്യാർഥിനിയായ ഷേബക്കും കുസാറ്റിലെ മൂന്നാം സെമസ്റ്റർ ഇലക്ട്രോണിക്സ് വിദ്യാർഥിനിയായ ഗീതാഞ്ജലിക്കും പരിക്കേറ്റത്. ചവിട്ടേറ്റതിനെ തുടർന്ന് ശ്വാസകോശത്തിലും കരളിലും ഗുരുതര പരിക്കുകളുണ്ടായിരുന്നു. ഉടൻ തന്നെ ആസ്റ്റർ മെഡ്സിറ്റിയിലേക്ക് എത്തിച്ച ഇരുവരെയും ഇവിടുത്തെ ന്യൂറോ സർജറി വിഭാഗം സീനിയർ കൺസൾട്ടന്റുമാരായ ഡോ. ദിലീപ് പണിക്കർ, ഡോ. എസ്. ശ്യാം സുന്ദർ, കൺസൾട്ടന്റ് ഡോ. ഷിജോയ് പി. ജോഷ്വ, ക്രിട്ടിക്കൽ കെയർ വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. സുരേഷ് ജി. നായർ, അനസ്തീസിയോളജി വിഭാഗം സീനിയർ കൺസൾറ്റന്റ് !ഡോ. ടി. ജിതേന്ദ്ര എന്നിവരുടെ നേതൃത്വത്തിലായിരുന്നു ചികിത്സ നൽകിയത്. ആദ്യ ദിവസങ്ങളിൽ വെന്റിലേറ്ററിലായിരുന്ന ഇരുവരേയും ആരോഗ്യ നിലയിൽ പുരോഗതി കണ്ടു തുടങ്ങിയതോടെ മുറിയിലേക്ക് മാറ്റി. കടുത്ത വേദന അനുഭവിക്കുമ്പോഴും ചികിത്സയുമായി സഹകരിച്ച ഷേബയും ഗീതാഞ്ജലിയും പോരാട്ടത്തിന്റെ പ്രതീകങ്ങളാണെന്ന് ഡോ. എസ്. ശ്യാം സുന്ദർ പറഞ്ഞു. ഡിസ്ചാർജ് ആയെങ്കിലും പൂർണ സൗഖ്യം ലഭിക്കുന്നതിന് തുടർ ചികിത്സ ആവശ്യമാണെന്നും അദ്ദേഹം വ്യക്തമാക്കി. ആസ്റ്റർ ഇന്ത്യ വൈസ് പ്രസിഡന്റ് ഫർഹാൻ യാസീൻ, ആസ്റ്റർ മെഡ്സിറ്റിയിലെ

ഓപ്പറേഷൻസ് മേധാവി ധന്യ ശ്യാമളൻ തുടങ്ങിയവർ സംസാരിച്ചു.



# ഇൻട്ര വി70, വി20 ഗോൾഡ് പിക്കപ്പുകളും എയ്സ് എച്ച്ടിപ്ലസും അവതരിപ്പിച്ച് ടാറ്റ മോട്ടോഴ്സ്

**കൊച്ചി:** ടാറ്റ മോട്ടോഴ്സ് തങ്ങളുടെ ഏറ്റവും പുതിയ ഇൻട്ര വി70, വി20 ഗോൾഡ് പിക്കപ്പുകളും എയ്സ് എച്ച്ടിപ്ലസും അവതരിപ്പിച്ചു. കുറഞ്ഞ ചെലവിൽ കൂടുതൽ ലോഡുകൾ കൂടുതൽ ദൂരത്തേക്ക് എത്തിക്കാൻ സാധിക്കുന്ന തരത്തിലാണ് പുതിയ വാഹനങ്ങൾ രൂപകൽപ്പന ചെയ്തിട്ടുള്ളതെന്ന് ടാറ്റ മോട്ടോഴ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. ഗിരീഷ് വാഗ് പറഞ്ഞു. ക്ലാസ് ഫീച്ചറുകളിൽ മികച്ചത് വാഗ്ദാനം ചെയ്യുന്ന ഈ വാഹനങ്ങൾ, നഗരങ്ങളിലും ഗ്രാമങ്ങളിലും ഉയർന്ന ലാഭവും ഉൽപ്പാദനക്ഷമതയും നൽകുന്ന വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കാം. ഇതോടൊപ്പം ടാറ്റ മോട്ടോഴ്സിന്റെ ജനപ്രിയ വാണിജ്യ വാഹന മോഡലുകളായ ഇൻട്രാ വി 50, എയ്സ് ഡീസൽ വാഹനങ്ങളുടെ പരിഷ്കരിച്ച പതിപ്പുകളും കമ്പനി പുറത്തിറക്കി. ഇന്ധന ഉപഭോഗം കുറയ്ക്കുന്ന രീതിയിലാണ് പരിഷ്കരിച്ച പതിപ്പുകളും നിരത്തുകളിലെത്തുന്നത്. ഈ പുതിയ ലോഞ്ചുകളിലൂടെ, ടാറ്റ മോട്ടോഴ്സ് ചെറിയ വാണിജ്യ വാഹനങ്ങളുടെയും പിക്കപ്പുകളുടെയും വിശാലമായ ശ്രേണി വാഗ്ദാനം ചെയ്യുന്നു. ഉപഭോക്താക്കളെ അവരുടെ ആവശ്യത്തിന് ഏറ്റവും അനുയോജ്യമായ വാഹനം തിരഞ്ഞെടുക്കാൻ പ്രാപ്തരാക്കുന്നതാണിത്. രാജ്യത്തെ എല്ലാ ടാറ്റ മോട്ടോഴ്സ് വാണിജ്യ വാഹന ഡീലർഷിപ്പുകളിലും പുതിയ വാഹനങ്ങളുടെ ബുക്കിംഗും ആരംഭിച്ചു. വിവധ ആവശ്യങ്ങൾക്ക് പരിഹാരമാകുന്നതോടൊപ്പം ഉപഭോക്താക്കൾക്ക് ഉപജീവനമാർഗവും അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതുമാണ് ടാറ്റ മോട്ടോഴ്സിന്റെ ചെറുകിട വാണിജ്യ വാഹനങ്ങളും പിക്കപ്പുകളുമെന്നും ഗിരീഷ് വാഗ് പറഞ്ഞു.



# ടൊയോട്ട കിർലോസ്കർ മോട്ടോർസിന്റെ പുതിയ പ്ലാന്റ്; കർണാടക സർക്കാരുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചു

**ബംഗളൂരു:** ടൊയോട്ട കിർലോസ്കർ മോട്ടോർ (ടികെഎം) കർണാടക സർക്കാരുമായി പുതിയ ധാരണാപത്രത്തിൽ ഒപ്പുവച്ചു. ടികെഎമ്മിന്റെ 25 വർഷത്തെ പ്രവർത്തനങ്ങളുടെ ഭാഗമായി ഏകദേശം 3,300 കോടി രൂപയുടെ നിക്ഷേപമാണ് ഇന്ത്യയിൽ ആരംഭിച്ചിട്ടുള്ളത്. ഒരു പുതിയ പ്ലാന്റ് സ്ഥാപിക്കുന്നത് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിലൂടെ ഉൽപ്പാദന ശേഷി വർധിപ്പിക്കാനും അതുവഴി പ്രാദേശിക ഉൽപ്പാദന ആവാസവ്യവസ്ഥയ്ക്ക് പ്രോത്സാഹനം നൽകാനും എല്ലാവർക്കും മൊബിലിറ്റി എന്ന ആശയം നടപ്പാക്കുന്നതിനുള്ള പുതിയ സാങ്കേതികവിദ്യകൾ അവതരിപ്പിക്കാനും സാധിക്കും. കർണാടകയിലെ ബാംഗ്ലൂരിനടുത്തുള്ള ബിദാദിയിൽ സ്ഥിതി ചെയ്യുന്ന കമ്പനിയുടെ ഇന്ത്യയിലെ മൂന്നാമത്തെ പ്ലാന്റാണിത്. വിതരണക്കാരുടെ വളർച്ച കണക്കിലെടുത്തുകൊണ്ട് കൂടുതൽ നിക്ഷേപങ്ങൾക്കും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള സാധ്യതകളും ഈ വികസനം മുന്നോട്ടുവയ്ക്കുന്നു.

ഇതിനായി കർണാടക സർക്കാരുമായുള്ള ധാരണാപത്രം മുഖ്യമന്ത്രി സിദ്ധരാമയ്യയും, ടൊയോട്ട കിർലോസ്കർ മോട്ടോർ മാനേജിംഗ് ഡയറക്ടറും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായ മസകാസു യോഷിമുറയും ഒപ്പുവച്ചു. കർണാടക സർക്കാരിന്റെ വൻകിട, ഇടത്തര വ്യവസായ, അടിസ്ഥാന സൗകര്യ വികസന മന്ത്രി എം.ബി പാട്ടീൽ, ടൊയോട്ട കിർലോസ്കർ മോട്ടോഴ്സിന്റെ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റും ചീഫ് കംപ്ലയൻസ് ഓഫീസറുമായ സ്വപ്നേഷ് ആർ, എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് വിക്രം ഗുലാത്തി സീനിയർ വൈസ് പ്രസിഡന്റും ചീഫ് കമ്മ്യൂണിക്കേഷൻ ഓഫീസറുമായ സുദീപ് സാന്ത്റാം ദൽവി എന്നിവരോടൊപ്പം മറ്റ് ഉന്നത ഉദ്യോഗസ്ഥരും ചടങ്ങിൽ പങ്കെടുത്തു.



# യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ പ്രൈവസി ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം സർട്ടിഫിക്കേഷൻ നേടി

**മുംബൈ:** ഡിസംബർ 4, 2023: യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ കടമ്പ 27701:2019 പ്രൈവസി ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം നേടി. ആഎടക മേഖലയിൽ ഈ നേട്ടം കൈവരിക്കുന്ന ആദ്യ സ്ഥാപനമാണ് യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ. ISO 27701 ഒരു പ്രൈവസി ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം സ്ഥാപിക്കുന്നതിനും നടപ്പിലാക്കുന്നതിനും പരിപാലിക്കുന്നതിനും തുടർച്ചയായി മെച്ചപ്പെടുത്തുന്നതിനുമുള്ള ഒരു ചട്ടക്കൂട് നൽകുന്ന ഒരു അന്താരാഷ്ട്ര നിലവാരമാണ്.

വ്യക്തിപരമായി തിരിച്ചറിയാനാകുന്ന വിവരങ്ങൾ പരിരക്ഷിക്കുന്നതിന് ആവശ്യമായ നിയന്ത്രണങ്ങളും നടപടികളും ബാങ്ക് ഏർപ്പെടുത്തിയിട്ടുണ്ട് എന്നാണ് ഈ സർട്ടിഫിക്കേഷൻ സൂചിപ്പിക്കുന്നത്.

ഈ സർട്ടിഫിക്കേഷൻ ഉപഭോക്താക്കൾക്ക് സ്വകാര്യ ഡാറ്റയിൽ കൂടുതൽ നിയന്ത്രണം നൽകുകയും ആഗോള തലത്തിൽ ഡാറ്റാ സംരക്ഷണ നിയമങ്ങളും ചട്ടങ്ങളും പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുന്നു. അന്താരാഷ്ട്ര നിലവാരത്തിലുള്ള മുൻനിര സമ്പ്രദായങ്ങൾ നടപ്പിലാക്കുന്നതിനും യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ മുൻപന്തിയിലാണ്.

യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ സംവിധാനങ്ങളും പ്രക്രിയകളും ഐടി സൗകര്യങ്ങളും ISO 27001:2013, ISO 22301:2019, ISO 31000:2018, PCI-DSS എന്നിവയും ഉപഭോക്താക്കൾക്ക് സുരക്ഷിതവും സുരക്ഷിതവും സുസ്ഥിരവുമായ ബാങ്കിംഗ് അനുഭവം പ്രദാനം ചെയ്യുന്ന അന്താരാഷ്ട്ര സർട്ടിഫിക്കേഷൻ ബോഡികൾ സാക്ഷ്യപ്പെടുത്തിയവയാണ്.

# എസ് ആർസി കമ്മ്യൂണിറ്റി കോളജിൽ വിവിധ കോഴ്സുകൾക്ക് അപേക്ഷിക്കാം

**തിരുവനന്തപുരം:** എസ് ആർ സി കമ്മ്യൂണിറ്റി കോളജിന്റെ വിവിധ സർട്ടിഫിക്കറ്റ് ഡിപ്ലോമ കോഴ്സുകൾക്ക് ഓൺലൈനായി അപേക്ഷിക്കാം. യോഗ, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ബ്യൂട്ടികെയർ മാനേജ്മെന്റ്, മാനേജ്മെന്റ് ഓഫ് സ്പെസിഫിക് ലേണിംഗ് ഡിസോഡേഴ്സ്, കൗൺസലിംഗ് സൈക്കോളജി, എയർലൈൻ ആന്റ് എയർപോർട്ട് മാനേജ്മെന്റ്, അപ്ലൈഡ് കൗൺസലിംഗ്, ഫസ്റ്റ് എയ്ഡ്. ഫിറ്റ്നെസ്സ് ട്രെയിനിംഗ് അക്യുപ്രഷർ ആന്റ് ഹോളിസ്റ്റിക് ഹെൽത്ത് കെയർ, ഹോട്ടൽ മാനേജ്മെന്റ് ആന്റ് റ് കാറ്ററിംഗ്, സംഗീതഭൂഷണം, മാർഷ്യൽ ആർട്സ്, ലൈഫ് സ്കിൽ എഡ്യൂക്കേഷൻ ലൈറ്റിംഗ് ഡിസൈൻ, ബാൻഡ് ഓർക്കസ്ട്ര, സംസ്കൃതം, ഫൈനാൻഷ്യൽ അക്കൗണ്ടിങ്,. ഡിറ്റി പി, വേഡ് പ്രോസസ്സിംഗ്, ഡേറ്റാ എൻട്രി ഓപ്പറേറ്റർ, പി ജി ഡി സി എ, ട്രെയിനേഴ്സ് ട്രെയിനിങ്, മോണ്ടിസ്സോറി പെർഫോമിങ് ആർട്സ് ഭരതനാട്യം, സോളാർ ടെക്നോളജി, അഡ്വാൻസ്ഡ് വെൽഡിംഗ് ടെക്നോളജി. ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് ടെക്നോളജി, ഇൻഡസ്ട്രിയൽ സേഫ്റ്റി മാനേജ്മെന്റ്, ഹെൽത്ത് ആന്റ് സേഫ്റ്റി മാനേജ്മെന്റ്, സേഫ്റ്റി ഓഫീസർ ട്രെയിനിംഗ്, സൗണ്ട് എഞ്ചിനീയറിംഗ് ആന്റ് സൗണ്ട് റെക്കോർഡിങ് തുടങ്ങിയ മേഖലകളിലാണ് കോഴ്സുകൾ നടത്തുന്നത്.

ഡിപ്ലോമ കോഴ്സിന് ഒരു വർഷവും സർട്ടിഫിക്കറ്റ് കോഴ്സിന് ആറു മാസവുമാണ് കാലയളവ്. മൂന്ന് മാസത്തെ കാലാവധിയുള്ള ഹ്രസ്വകാല സർട്ടിഫിക്കറ്റ് കേഴ്സുകളും ഉണ്ട്. പ്രോസ്പെക്ടസ് ००൦.ൃരരര.ശി ൽ ലഭിക്കും. 18 വയസ്സിനുമേൽ പ്രായമുള്ള നിശ്ചിത യോഗ്യതയുള്ളവർക്ക് https://apps.rccc.in/register മുഖേന അപേക്ഷിക്കാം. ഉയർന്ന പ്രായപരിധി ഇല്ല. വിവരങ്ങൾക്ക് ഡയറക്ടർ, സ്റ്റേറ്റ് റിസോഴ്സ് സെന്റർ. നന്ദാവനം, വികാസ്ഭവൻ പി.ഒ. തിരുവനന്തപുരം 695 033. ഫോൺ : 0471 2325101, 8281114464.

# പിആർഡി ഡ്രോൺ ഓപ്പറേറ്റേഴ്സ് പാനലിലേക്ക് അപേക്ഷിക്കാം

**കൊല്ലം:** ഇൻഫർമേഷൻപബ്ലിക് റിലേഷൻസ് വകുപ്പിന്റെ കൊല്ലം ജില്ലാ ഇൻഫർമേഷൻ ഓഫീസിൽ കരാർ അടിസ്ഥാനത്തിൽ ഡ്രോൺ ഓപ്പറേറ്റേഴ്സിന്റെ പാനൽ തയ്യാറാക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. പാനലിലേക്ക് വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ സ്റ്റാർട്ട് അപ്പുകൾക്കോ അപേക്ഷിക്കാം.

ഡ്രോൺ ഉപയോഗിച്ച് ഫോട്ടോ, വീഡിയോ എന്നിവ ഷൂട്ട് ചെയ്യുന്നതിൽ അംഗീകൃത സ്ഥാപനത്തിൽ നിന്നോ സംഘടനയിൽ നിന്നോ സമാന സ്ഥാപനങ്ങളിൽ നിന്നോ ഉള്ള മൂന്നു വർഷത്തിൽ കുറയാത്ത പ്രവൃത്തിപരിചയമാണ് അടിസ്ഥാന യോഗ്യത. വിദ്യാഭ്യാസ യോഗ്യതയിൽ പ്രീഡിഗ്രി അല്ലെങ്കിൽ പ്ലസ്ടു അഭിലഷണീയം. ഡ്രോൺ ഷൂട്ട് ജോലികൾ ഏറ്റെടുത്ത് ചെയ്തിട്ടുള്ള മൂന്നു വർഷത്തെ പരിചയമാണ് സ്ഥാപനങ്ങൾക്കും സംഘടനകൾക്കുമുള്ള യോഗ്യത.

വാർത്താ മാധ്യമങ്ങൾക്കായി ഏരിയൽ ന്യൂസ് ക്ലിപ്പുകൾ ഷൂട്ട് ചെയ്ത് എഡിറ്റ് ചെയ്തുള്ള പരിചയം, ഇലക്ട്രോണിക് വാർത്താ മാധ്യമത്തിൽ വീഡിയോഗ്രാഫി അല്ലെങ്കിൽ വീഡിയോ എഡിറ്റിംഗിൽ പ്രവർത്തിപരിചയം, സ്വന്തമായി നാനോ ഡ്രോൺ ഉള്ളവർ, പ്രൊഫഷണൽ എഡിറ്റ് സോഫ്റ്റ് വെയർ ഇൻസ്റ്റാൾ ചെയ്ത ലാപ്ടോപ്പ് സ്വന്തമായി ഉള്ളവർ, ദൃശ്യങ്ങൾ തത്സമയം നിശ്ചിത സെർവറിൽ അയക്കാനുള്ള സംവിധാനം ലാപ് ടോപ്പിൽ ഉള്ളവർ, എഡിറ്റ് സ്യൂട്ട്, ഏറ്റവും നൂതനമായ ഇലക്ട്രോണിക് ന്യൂസ് ഗാതറിംഗ് സൗകര്യങ്ങൾ തുടങ്ങിയവ സ്വന്തമായി ഉള്ളവർ എന്നിവർക്ക് മുൻഗണന ലഭിക്കും.

അപേക്ഷകർ ക്രിമിനൽ കേസുകളിൽപ്പെടുകയോ ശിക്ഷിക്കപ്പെടുകയോ ചെയ്തവരായിരിക്കരുത്. ടെക്നിക്കൽ സ്പെസിഫിക്കേഷൻ സംബന്ധിച്ച വിശദാംശങ്ങൾക്ക് prd.kerala.gov.in വെബ്സൈറ്റ് സന്ദർശിക്കാം.

അപേക്ഷയോടൊപ്പം ബന്ധപ്പെട്ട രേഖകൾ ഹാജരാക്കണം. അപേക്ഷയോടൊപ്പം അപേക്ഷകരുടെ പേര്, വിലാസം, ഫോൺ നമ്പർ, ഇമെയിൽ, ഫോട്ടോ, ഐഡി കാർഡിന്റെ പകർപ്പ്, പ്രവൃത്തിപരിചയം എന്നിവ രേഖപ്പെടുത്തിയ ബയോഡാറ്റയും അരമണിക്കൂർ ഷൂട്ട്, ഒരു മണിക്കൂർ ഷൂട്ട് എന്നിവയ്ക്കുള്ള നിരക്ക് സംബന്ധിച്ച വിശദമായ പ്രൊപ്പോസലും ഉണ്ടായിരിക്കണം. അപേക്ഷകൾ ഡിസംബർ 15ന് വൈകീട്ട് 5 നകം ജില്ല ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, കച്ചേരി പി.ഒ കൊല്ലം വിലാസത്തിൽ നേരിട്ടോ തപാൽ വഴിയോ ലഭിക്കണം.

# അറിയിപ്പ്

**കൊല്ലം:** ആഭിമുഖ്യത്തിൽ അംശദായം സ്വീകരിക്കുന്നതിനും പുതിയ അംഗങ്ങളെ ചേർക്കുന്നതിനും ഡിസംബർ എട്ട് രാവിലെ 10 മുതൽ കുമ്മിൾ പഞ്ചായത്തോഫീസിൽ സിറ്റിംഗ് നടത്തും. ഫോൺ. 04742766843, 2950183, 9746822396, 7025491386.



# വികസിത് ഭാരത് സങ്കൽപ്പ് യാത്ര പാലക്കാട് ജില്ലയിൽ തുടരുന്നു

**പാലക്കാട്:** വികസിത് ഭാരത് സങ്കൽപ്പ് യാത്ര പാലക്കാട്ടെ എരുത്തേമ്പതി പഞ്ചായത്തിൽ പര്യടനം നടത്തി. വണ്ണാമട കനാറാ ബാങ്കിന് മുന്നിൽ നടന്ന യോഗം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ബാഹുലേയൻ ഉദ്ഘാടനം ചെയ്തു. കേന്ദ്ര സർക്കാർ പദ്ധതികൾ സമൂഹത്തിലെ എല്ലാ വിഭാഗക്കാരെയും ലക്ഷ്യം വെച്ചുള്ളതാണെന്ന് സ്വന്തം അനുഭവം മുൻ നിർത്തി അദ്ദേഹം പറഞ്ഞു.

പഞ്ചായത്തിൽ 100% ലക്ഷ്യം കൈവരിച്ച ജല ജീവൻ മിഷൻ പദ്ധതിയെക്കുറിച്ചും വിശദീകരിച്ചു. ജലജീവൻ മിഷൻ പ്രവർത്തനങ്ങൾ പൂർണ്ണതയിൽ എത്തിച്ച വാട്ടർ അതോറിറ്റിക്ക് പുരസ്കാരം നൽകി ആദരിച്ചു.

പ്രധാനമന്ത്രിയുടെ ലഘു സന്ദേശം അടങ്ങുന്ന വീഡിയോ പ്രദർശനം നടന്നു. വിവിധ വകുപ്പ് ഉദ്യോഗസ്ഥർ അതത് വകുപ്പുകൾ വഴി നടപ്പാക്കുന്ന ജന സുരക്ഷാ ക്ഷേമ പദ്ധതികൾ വിശദീകരിച്ചു. പദ്ധതി ഗുണഭോക്താക്കൾ അനുഭവം പങ്കുവെച്ചു. പങ്കെടുത്തവർ വികസിത ഭാരത സങ്കൽപ്പ് പ്രതിജ്ഞ ഏറ്റുചൊല്ലി.

പ്രോഗ്രാം ജില്ലാ കോർഡിനേറ്ററും ലീഡ് ബാങ്ക് മാനേജറുമായ ആർ. പി ശ്രീനാഥ്, നബാർഡ് ഡി.ഡി .എം. കവിത. കനറാ ബാങ്ക് ശാഖാ മാനേജർ ബോബിൻ. ടി .മാത്യൂസ്, കേരകേസരി പുരസ്കാര ജേതാവ് രഘുനാഥൻ, മൂങ്കിൽമട സഹകരണ സംഘം പ്രസിഡൻറ് തങ്കവേലു, കുമരന്നൂർ ക്ഷീര സഹകരണ സംഘം പ്രസിഡൻറ് രാജമാണിക്യം, സാമൂഹ്യപ്രവർത്തകർ രാമസ്വാമി മാസ്റ്റർ എന്നിവർ സംസാരിച്ചു.

ജില്ലയിലെ 32 ഗ്രാമ പഞ്ചായത്തുകളിൽ ഇതോടെ പര്യടനം പൂർത്തിയാക്കി

# ശബരിമല: തീർഥാടകരുടെ എണ്ണം അനുസരിച്ച് നിയന്ത്രണങ്ങൾ; തിരക്ക് കുറയ്ക്കാൻ നട അടച്ചാലും ദർശനത്തിന് അവസരം

**ശബരിമല :** തിരക്കു കൂടിയതോടെ അപകടങ്ങൾ ഒഴിവാക്കാൻ പൊലീസ് ജാഗ്രതയിൽ. ക്യൂ ശബരിപീഠം വരെ നീണ്ടാൽ തീർഥാടകരുടെ വാഹനങ്ങൾ വഴിയിൽ തടയും. ഓരോ മണിക്കൂറിലും പമ്പയിൽനിന്നു മലകയറുന്ന തീർഥാടകർ, ദർശനം കഴിഞ്ഞു മലയിറങ്ങുന്നവർ, സന്നിധാനത്ത് വിരിവച്ചു വിശ്രമിക്കുന്നവർ എന്നിവരുടെ കണക്കുകൾ പരിശോധിച്ചാണ് നിയന്ത്രണങ്ങളിൽ മാറ്റം വരുത്തുന്നത്. പമ്പയിലേക്കു വരുന്ന വാഹനങ്ങളുടെ എണ്ണവും കണക്കാക്കും. പതിനെട്ടാംപടി കയറാനുള്ള ക്യൂ മരക്കൂട്ടം എത്തിയാൽ തീർഥാടകരെ പമ്പയിൽ തടയും. ക്യൂ ശബരിപീഠത്തിൽ എത്തുമ്പോൾ വാഹനങ്ങൾ ഇലവുങ്കൽ, എരുമേലി എന്നിവിടങ്ങളിൽ തടയും. ഒപ്പം പമ്പയിലേക്കുള്ള ചെയിൻ സർവീസും നിയന്ത്രിക്കും.



പുലർച്ചെ 3 മുതൽ രാത്രി 11 വരെ 17 മണിക്കൂറാണ് ദർശനത്തിന് അവസരം. വലിയ നടപ്പന്തൽ, പതിനെട്ടാംപടി, താഴെ തിരുമുറ്റം, വടക്കേനട, മാളികപ്പുറം എന്നിവിടങ്ങളിലാണ് തിരക്കു കൂടുതൽ. രാത്രി 11ന് നട അടച്ചാലും തിരക്കു കുറയ്ക്കാൻ പതിനെട്ടാംപടി കയറാൻ അനുവദിക്കുന്നുണ്ട്. പുലർച്ചെ 3ന് നട തുറക്കുമ്പോൾ ദർശനം ആഗ്രഹിക്കുന്നവരെ വടക്കേനടയിൽ ഭണ്ഡാരം കെട്ടിടത്തിനു മുകളിലെ ക്യൂവിൽ കയറ്റിയിരുത്തും. 1500 പേരെ വരെ കയറ്റി വരിയായി ഇരുത്തും. തിക്കും തിരക്കും ഉണ്ടാകാതിരിക്കാൻ സെക്ടർ തിരിച്ചാണ് ഇവരെ നിയന്ത്രിക്കുന്നത്. ഓരോ സെക്ടറിലും പൊലീസിന്റെ സേവനം ഉണ്ട്.

പതിനെട്ടാംപടി കയറാൻ വലിയ നടപ്പന്തലിൽ 9 നിരയുള്ളതിൽ 2 എണ്ണം ചുക്കുവെള്ള വിതരണം, ബിസ്കറ്റ് എന്നിവ കൊടുക്കുന്നതിനായി ഒഴിച്ചിടുന്നുണ്ട്. വലിയ നടപ്പന്തൽ നിറഞ്ഞു ക്യൂ നീണ്ടാൽ സന്നിധാനത്തേക്കുള്ള തീർഥാടകരെ മരക്കൂട്ടത്തുനിന്നു നിയന്ത്രിച്ച് കടത്തിവിടും. മരക്കൂട്ടത്തിനും ശരംകുത്തിക്കും ഇടയിലെ ക്യൂ കോംപ്ലക്സിൽ വിശ്രമിക്കാനും അനുവദിക്കുന്നുണ്ട്. പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിലെ എസ്പിമാരുമായി സന്നിധാനം പൊലീസ് സ്പെഷൽ ഓഫിസർ ബന്ധപ്പെട്ട് സ്ഥിതി മനസ്സിലാക്കും.

കൂടാതെ സന്നിധാനത്ത് 72 ക്യാമറകളിലെ ദൃശ്യങ്ങൾ നോക്കി ഓരോ സ്ഥലത്തെയും തിരക്ക് മനസ്സിലാക്കി നിർദേശങ്ങൾ നൽകും. അപകടം ഒഴിവാക്കാൻ അടിയന്തരമായി എത്താൻ 20 പേർ അടങ്ങുന്ന പൊലീസ് സംഘം എയ്ഡ് പോസ്റ്റിൽ എപ്പോഴും ഉണ്ടാകും. ഇതിനു പുറമേ കേന്ദ്ര ദ്രുത കർമ സേന, ദുരന്ത നിവാരണ സേന എന്നിവരുടെ സേവനവുമുണ്ട്.



# വികസിത ഭാരത സങ്കൽപ്പ് യാത്ര ജനശ്രദ്ധ നേടുന്നു

**കണ്ണൂർ :** കേന്ദ്ര ഗവൺമെന്റിന്റെ വികസന, ക്ഷേമ പദ്ധതികൾ സാധാരണ ജനങ്ങളിൽ എത്തിക്കുന്നതിന് നടത്തുന്ന വികസിത ഭാരത് സങ്കല്പ് യാത്ര ജനശ്രദ്ധ നേടുന്നു.പ്രധാനമന്ത്രി ഉജ്വല യോജനയിൽ പെടുത്തി അർഹരായ ഗുണ ഭോക്താക്കൾക്ക് സൗജന്യ പാചക വാതക കണക് ഷൻ , കാർഷികാവശ്യത്തി നുള്ള ഡ്രോൺ പ്രദർശനം ,വിദഗ്ധരുടെ ക്ലാസുകൾ തുടങ്ങിയവയാണ് വികസിത യാത്ര കൂടുതൽ ശ്രദ്ധേയമാക്കുന്നത്.

പട്ടുവം, പരിയാരം പഞ്ചായത്തുകളിൽ വികസിത യാത്ര പര്യടനം നടത്തി.പട്ടുവം മാധവ് നഗർ ഗ്രൗണ്ടിൽ പഞ്ചായത്ത് പ്രസിഡന്റ് പി. ശ്രീമതി യാത്ര ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് വൈസ് പ്രസിഡൻറ് വി.വി.രാജൻ, സെക്രട്ടറി ബിന്നി വർഗീസ് തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു .

പരിയാരം കെ.കെ.എൻ സ്മാരക ഗവ.ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ടിൽ ഗ്രാമ പഞ്ചായത്തിലെ യാത്ര നബാർഡ് ഡി ഡി എം ജിഷിമോൻ ഉദ്ഘാടനം ചെയ്തു.കൃഷി വിജ്ഞാൻ കേന്ദ്ര, ഫാക്ട്, നെഹ്റു യുവ കേന്ദ്ര , തപാൽ വകുപ്പ് തുടങ്ങിയവ സേവന ങ്ങൾ വിശദീകരിച്ചു. വിവിധ പദ്ധതി ഗുണഭോക്താക്കൾ ചടങ്ങിൽ അനുഭവങ്ങൾ പങ്കുവച്ചു.



# വികസിത് ഭാരത് സങ്കൽപ്പ് യാത്ര അയ്യമ്പുഴയിലും മഞ്ഞപ്രയിലും പര്യടനം നടത്തി

കൊച്ചി: കേന്ദ്ര സർക്കാർ പദ്ധതികളേയും പരിപാടികളേയും കുറിച്ച് അവബോധം വർധിപ്പിക്കുന്നതിനായി സംഘടിപ്പിക്കുന്ന വികസിത് ഭാരത് സങ്കൽപ് യാത്ര എറണാകുളം ജില്ലയിലെ അയ്യമ്പുഴയിലും മഞ്ഞപ്രയിലും പര്യടനം നടത്തി. എറണാകുളം ജില്ലാ ലീഡ് ബാങ്ക് മാനേജർ പി ഡി മോഹൻകുമാർ ക്ലാസുകൾ നയിച്ചു. വിവിധ സർക്കാർ പദ്ധതികളെ കുറിച്ചുള്ള ക്ലാസുകൾ, ബോധവൽക്കരണ പരിപാടികൾ എന്നിവ നടത്തി. ഡിസംബർ ഒന്നിന് ചേന്ദമംഗലത്താണ് എറണാകുളം ജില്ലയിലെ യാത്ര ആരംഭിച്ചത്. ജനുവരി 24ന് ചെല്ലാനത്തു സമാപിക്കും.

# പച്ചക്കറി കൃഷിക്ക് തുടക്കം

**മുഖത്തല:** ബ്ലോക്ക് പഞ്ചായത്തിന്റെയും കിലയുടെയും ആഭിമുഖ്യത്തിൽ മഹിളാ കിസാൻ സശക്തികരൺ പരിയോജനയുടെ (എംകെഎസ്പി) ഭാഗമായി പെരുമ്പുഴ സർക്കാർ എൽ പി സ്കൂളിൽ "മൺചട്ടിയിൽ പച്ചക്കറി കൃഷി" പദ്ധതിക്ക് തുടക്കം. സ്ത്രീകൾക്ക് കൃഷിയുമായും അനുബന്ധ മേഖലകളുമായും ബന്ധപ്പെട്ട സാങ്കേതികപരിജ്ഞാനവും സംരംഭകത്വനൈപുണ്യവും വർദ്ധിപ്പിക്കുന്നതിനാണ് പദ്ധതി. ഉദ്ഘാടനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബി യശോദ നിർവഹിച്ചു. എസ് എം സി ചെയർമാൻ വിജയകുമാർ അധ്യക്ഷനായി. ബ്ലോക്ക് അംഗം ഫാറൂഖ് നിസാർ, പ്രധാന അധ്യാപിക ജെ ശശികല തുടങ്ങിയവർ പങ്കെടുത്തു.

# വടുതല, പേരണ്ടൂർ പാലം; സ്ഥലം ഏറ്റെടുക്കൽ ഈ മാസം പൂർത്തിയാക്കും



**കൊച്ചി:** വടുതല പേരണ്ടൂർ പാലത്തിന്റെ സ്ഥലമേറ്റെടുപ്പു നടപടികൾ ഡിസംബറിൽ പൂർത്തിയാക്കും. നടപടികൾ പൂർത്തിയാക്കി ഈ മാസം സ്ഥലം പൊതുമരാമത്തു വകുപ്പിനു കൈമാറും. പദ്ധതിയുടെ സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് തയാറാക്കി വരികയാണ്. സാങ്കേതികാനുമതി ലഭിക്കുന്ന മുറയ്ക്ക് ടെൻഡർ നടപടികൾ ആരംഭിക്കുമെന്നു ടി.ജെ. വിനോദ് എംഎൽഎ പറഞ്ഞു. വടുതല പേരണ്ടൂർ പാലത്തിന്റെ പുതുക്കിയ അലൈൻമെന്റിന് ഒക്ടോബറിൽ അംഗീകാരം ലഭിച്ചിരുന്നു. വടുതല ചിന്മയ ക്രോസ് റോഡിലേക്കു കൂടി അപ്രോച്ച് റോഡുള്ള രീതിയിലാണ് പുതിയ അലൈൻമെന്റ് തയാറാക്കിയിട്ടുള്ളത്.

പുതുക്കിയ അലൈൻമെന്റ് പ്രകാരം പേരണ്ടൂർ ഭാഗത്ത് 33.44 സെന്റും വടുതല ഭാഗത്ത് 56 സെന്റും സ്ഥലമാണ് ഏറ്റെടുക്കേണ്ടത്. സ്ഥലമേറ്റെടുക്കാനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണെന്നു റവന്യു വകുപ്പ് അറിയിച്ചു. പാലം നിർമാണത്തിനു 32.33 കോടി രൂപയ്ക്കാണു ഭരണാനുമതി ലഭിച്ചിട്ടുള്ളത്. പാലത്തിന്റെ രൂപകൽപനയിലും എസ്റ്റിമേറ്റിലും മാറ്റം വന്നതിനാൽ 24.90 കോടി രൂപയുടെ ഭരണാനുമതി 32.33 കോടി രൂപയായി ഉയർത്തുകയായിരുന്നു. കൊച്ചി മെട്രോ റെയിൽ കോർപറേഷൻ (കെഎംആർഎൽ) നടപ്പാക്കുന്ന കനാൽ നവീകരണ പദ്ധതിയിൽ പേരണ്ടൂർ കനാലും ഉൾപ്പെടുന്നതിനാൽ പാലത്തിന്റെ ഉയരം 4 മീറ്ററാക്കി വർധിപ്പിക്കണമെന്നു നിർദേശിച്ചിരുന്നു.

ഇതിന്റെ അടിസ്ഥാനത്തിലാണു പാലത്തിന്റെ രൂപകൽപനയിൽ മാറ്റം വരുത്തിയത്. നഗരത്തിൽ ഏറെനാളായി കേൾക്കുന്ന പദ്ധതികളിൽ പ്രധാനപ്പെട്ടതാണു വടുതല പേരണ്ടൂർ പാലം നിർമാണം.

വടുതലയിൽ നിന്ന് എളമക്കര, ഇടപ്പള്ളി ഭാഗങ്ങളിലേക്കുള്ള യാത്രാ സമയം ഗണ്യമായി കുറയ്ക്കാൻ ഈ പാലം വരുന്നതോടെ സാധിക്കും. നിലവിൽ വടുതലയിൽ നിന്ന് എളമക്കരയെത്താൻ കലൂർ വഴി ചുറ്റിത്തിരിഞ്ഞു പോകണം.



## മുതുമല കടുവ സങ്കേതത്തിൽ കടുവകളുടെ കണക്കെടുപ്പ് തുടങ്ങി

**ഗൂഡല്ലൂർ:** മുതുമല കടുവ സങ്കേതത്തിൽ കടുവകളുടെ കണക്കെടുപ്പ് ആരംഭിച്ചു. നീലഗിരി ജില്ലയിലെ വനങ്ങളിൽ രണ്ട് മാസത്തിനിടയിൽ 10 കടുവകൾ വ്യത്യസ്ത കാരണങ്ങളാൽ ചത്തതിനെ തുടർന്ന് ജില്ലയിലെ വനങ്ങളിൽ എല്ലാ വർഷവും കടുവകളുടെ കണക്കെടുപ്പു നടത്താൻ ടൈഗർ കൺസർവേഷൻ അതോറിറ്റി നിർദേശം നൽകിയിരുന്നു. തുടർന്നാണ് എല്ലാ വർഷവും കടുവകളുടെ കണക്കെടുപ്പ് നടത്താൻ തീരുമാനമായത്. ഇതിന്റെ അടിസ്ഥാനത്തിൽ മുതുമല കടുവ സങ്കേതത്തിൽ ക്യാമറകളുടെ സഹായത്തോടെ കണക്കെടുപ്പ് ആരംഭിച്ചു. ഡിസംബർ 6 വരെ കണക്കെടുപ്പ് തുടരും. കണക്കെടുപ്പിനായി മുതുമല കടുവ സങ്കേതത്തിലെ വിവിധ ഭാഗങ്ങളിൽ 191 ക്യാമറകൾ സ്ഥാപിച്ചു. ക്യാമറകളിൽ നിന്നു ലഭിക്കുന്ന വിവരത്തിന്റെ അടിസ്ഥാനത്തിലാണ് കണക്കെടുപ്പ് പൂർത്തിയാക്കുക.

# അഡ്മിറൽസ് കപ്പ് പായ്‌വഞ്ചിയോട്ട മത്സരത്തിന് നാവിക അക്കാദമിയിൽ ആവേശോജ്വല തുടക്കം



**ഏഴിമല:** അഡ്മിറൽസ് കപ്പിനു വേണ്ടിയുള്ള പായ്‌വഞ്ചിയോട്ട മത്സരത്തിനു നാവിക അക്കാദമിയിൽ തുടക്കമായി. ഇന്നലെ നടന്ന മത്സരങ്ങളിൽ ഇന്ത്യൻ നാവിക അക്കാദമി ടീമാണു മുന്നിൽ. ഇറ്റലിയാണു രണ്ടാം സ്ഥാനത്ത്. 8ന് സമാപിക്കുന്ന ചാംപ്യൻഷിപ്പിൽ ഇന്ത്യയിൽ നിന്നും 20 വിദേശരാജ്യങ്ങളിൽ നിന്നുമായി 23 ടീമുകൾ പങ്കെടുക്കുന്നുണ്ട്. ഒരു ടീമിൽ 2 പേരാണുണ്ടാവുക. ഒരു പരിശീലകനും ഒപ്പമുണ്ടാകും. ഇറാൻ ടീമിൽ ഒരാളാണുള്ളത്. നാവിക അക്കാദമിയിലെ സംവിധാനങ്ങൾ ലോകോത്തരമാണെന്നു ചാംപ്യൻഷിപ്പിനെത്തിയ വിദേശരാജ്യങ്ങളിലെ പ്രതിനിധികൾ. മത്സരം നടക്കുന്ന എട്ടിക്കുളം തീരം പായ്‌വഞ്ചിയോട്ട മത്സരത്തിനു യോജിച്ചതാണെന്നും മികച്ച ലേസർ ബോട്ടുകളാണിവിടെയുള്ളതെന്നും അവർ പറഞ്ഞു.

മറ്റു രാജ്യാന്തര ചാംപ്യൻഷിപ്പുകൾക്കൊപ്പം നിൽക്കുന്നു. പായ്‌വഞ്ചിയോട്ടം ഒരു കായിക വിനോദം എന്ന നിലയിലും ശ്രദ്ധേയമാണ്. നല്ല ഭക്ഷണവും ആതിഥ്യ മര്യാദയും മികച്ച ഏകോപനവുമാണിവിടെ. നല്ല പ്രതീക്ഷയോടെയാണെത്തിയിരിക്കുന്നത്. രാജ്യങ്ങളും വിവിധ നാവിക സേനകളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്താൻ ചാംപ്യൻഷിപ് സഹായകരമാണ്. കടലിനെ പറ്റി പൊതുവായ അവബോധം ജനങ്ങൾക്കുണ്ടാക്കാൻ പായ്‌വഞ്ചിയോട്ട മത്സരങ്ങൾ വ്യാപകമായി നടത്തുന്നതിലൂടെ കഴിയും. മാത്രമല്ല, ഇതു രാജ്യങ്ങൾ തമ്മിലുള്ള സാംസ്കാരിക വിനിമയത്തിന്റെ വേദി കൂടിയാണ്. വിവിധ രാജ്യങ്ങളിൽ നിന്നെത്തിയ പ്രതിനിധികൾ പാട്ടും നൃത്തവുമടക്കമുള്ള കലാപരിപാടികൾ അവതരിപ്പിക്കുന്നുണ്ട്. പ്രതിനിധികൾ പറഞ്ഞു. നല്ല അന്തരീക്ഷവും കാറ്റും ശാന്തമായ കടലുമിവിടെയുണ്ടെന്നും മത്സരങ്ങൾ മികച്ച രീതിയിലാണു നടത്തുന്നതും വിധി നിർണയിക്കുന്നതെന്നും രാജ്യാന്തര നിയമങ്ങളെല്ലാം പാലിക്കപ്പെടുന്നുണ്ടെന്നും ഓസ്ട്രേലിയൻ ടീമിന്റെ പരിശീലകൻ ആൻഡ്ര്യൂ പേൺ പറഞ്ഞു. സൗകര്യങ്ങളിലും സംവിധാനങ്ങളിലും വിദേശ പ്രതിനിധികളെല്ലാം സംതൃപ്തി പ്രകടിപ്പിച്ചു. ചാംപ്യൻഷിപ്പിന്റെ ഭാഗമായി ഇന്ത്യയുടെ കലാ, സാംസ്കാരിക തനിമ വ്യക്തമാക്കുന്ന കലാപരിപാടികളുമുണ്ടാകുമെന്നു നാവിക അക്കാദമി അധികൃതർ പറഞ്ഞു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com